സഭ അപ്പോസ്തോലികവും, സാർവ്വത്രികവും, ഏകവും, വിശുദ്ധവും ആയിരിക്കുന്നു



489. ലേഖനം വായനയ്ക്ക് പ്രതിവാക്യമായി പറയേണ്ടതെന്ത് ?

"ശ്ലീഹന്മാരുടെ ഉടയവനു സ്തുതിയും നമ്മുടെമേൽ തന്റെ കരുണയും എന്നേക്കും ഉണ്ടായിരിക്കട്ടെ". (അപ്പസ്തോല പ്രവൃത്തിയെങ്കിൽ ശ്ലീഹന്മാരുടെ എന്നു ലേഖനമെങ്കിൽ ശ്ലീഹായുടെ എന്നും മാററി ചൊല്ലണം)

490. പൗലൂസ്ശ്ളീഹായുടെ ലേഖനഭാഗങ്ങൾ വായിക്കുന്നത് ഏതു ഭാഗത്തുവച്ച് ?

തെക്കു വശത്തുവച്ച്.

491. 'ആഹായ് ബാറെക്മോർ' എന്നു പറയുന്നത് ഏതു വശത്തെ വായനയ്ക്ക് ?

തെക്കുവശത്തെ.

492. Little Entrance എന്നാലെന്ത് ?

ഏവൻഗേലിയോൻ വായനയ്ക്കു വേണ്ടി പട്ടക്കാരൻ സാഘോഷം പടിഞ്ഞാറേയ്ക്ക് വരുന്ന ഭാഗത്തിന് ബൈസൻറിയൻ സഭകളിൽ പറയുന്ന പേരാണ് Little Entrance

493. പ്രവേശനത്തിനുള്ള പ്രുമിയോൻ ചൊല്ലുന്നതെപ്പോൾ ?

ഏവൻഗേലിക്കു ശേഷം

494. ദർഗ്ഗായുടെ മുമ്പിൽ മുട്ടുകുത്തിയുള്ള പ്രാർത്ഥനയിൽ എന്തെല്ലാം പട്ടക്കാരൻ അപേക്ഷിക്കുന്നു ?

രഹസ്യപ്രാർത്ഥനയിൽ തന്റെ പാപങ്ങൾക്കുവേണ്ടി മോചനം യാചിക്കുന്നു. വി. കുർബാന അർപ്പിക്കുവാൻ അപേക്ഷിച്ചിട്ടുള്ള ജീവനുള്ളവരുടെ രക്ഷയ്ക്കും വാങ്ങിപ്പോയവരുടെ ആത്മശാന്തിക്കുമായി പ്രത്യേകം അപേക്ഷിക്കുന്നു.

495. പുരോഹിതൻ പദവിമേൽ കയറുന്നത് എന്തിനെ സൂചിപ്പിക്കുന്നു?

വി. കുർബാന സ്ഥാപിക്കുന്നതിനായി സെഹിയോൻ മാളികയിലേക്കു മശിഹാ പ്രവേശിച്ചതിനെ സൂചിപ്പിക്കുന്നു.

496. വി. കുർബാനയിൽ എങ്ങനെയുള്ള സമാധാനത്തിനാണ് ആശീർവദിക്കുന്നത് ?

സകലരിലും വഞ്ചന ഇല്ലാത്തതും ശമിക്കപ്പെടാത്തതും അഭേദ്യവുമായ സ്നേഹവും, സ്നേഹബന്ധത്താൽ അതിരില്ലാത്ത സുസ്ഥിരം ആയ ഐകമത്യവും, ഇവകൾമൂലം അഭിന്നവും അഴിഞ്ഞു പോകാത്തതും പരിപൂർണ്ണവും ആയ സമാധാനം.

497. അപ്പസ്തോലിക ആശീർവാദം ഏത് ?

പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതനായ പുത്രന്റെ കൃപയും പരിശുദ്ധ റൂഹായുടെ കൂട്ടായ്മയും എന്നുള്ള ആശീർവാദമാണ്.

498. ഈ പേരു കിട്ടുവാൻ കാരണം ?

പ. പൗലോസ് ശ്ളീഹാ കൊരിന്ത്യരെ ആശീർവദിച്ചത് ഇപ്രകാരമാകയാലാണ് ഇതിന് അപ്പസ്തോലിക ആശീർവാദം എന്ന പേരു ലഭിച്ചിരിക്കുന്നത്. 2കൊരി 13:14]



499. ശോശപ്പാ എന്തിനെയെല്ലാം സൂചിപ്പിക്കുന്നു?

യിസ്രായേൽ മക്കൾക്ക് വെള്ളം ഒഴുക്കിക്കൊടുത്ത നീരുറവയെ ആവരണം ചെയ്ത തീക്കൽപാറയേയും, കർത്താവിന്റെ തിരു ശരീരം മറയ്ക്കപ്പെടുവാൻ കബറിൽവച്ച കല്ലിനേയും.

500. ശോശാപ്പാ ആഘോഷം എന്തിനെ സൂചിപ്പിക്കുന്നു?

മറുരൂപസമയം സ്വർഗ്ഗം തുറക്കപ്പെട്ടതിനെയും തന്റെ പരസ്യ വ്യാപാരംമൂലം ന്യായപ്രമാണയവനിക പൂർണ്ണമായി നീക്കപ്പെട്ടതിനെയും സൂചിപ്പിക്കുന്നു.

501 വി. ആരാധനയിൽ മറുവഹസാകളുടെയും മണികളുടെയും ശബ്ദം നമ്മെ ഓർമ്മിപ്പിക്കുന്ന സംഗതി എന്ത്?

സ്വർഗ്ഗം തുറക്കപ്പെട്ട് അശരീരികളായ സ്വർഗ്ഗീയ സൈന്യങ്ങളും വിശ്വാസികളായ പരേതരുടെ ആത്മാക്കളും നമ്മോടൊന്നിച്ച് വി. കുർബാനയിൽ സംബന്ധിക്കുന്നതിനെ ഓർമ്മിപ്പിക്കുന്നു.

502. വി. കുർബാനയിൽ ചൊല്ലുന്ന സ്ത്രോപ്പേന്മാരുടെയും പൈതങ്ങളുടെയും സ്തുതി ഏത്?

തന്റെ സ്തുതികളാൽ ആകാശവും ഭുമിയും................വാഴ്ത്തപ്പെട്ടവനാകുന്നു ഉയരങ്ങളിൽ സ്തുതി.

503. കർത്താവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്ന സംഗതി?

പട്ടക്കാരൻ സ്പൂണും കുഷ്യനും ഉയർത്തിക്കാണിക്കുന്നത്. കാസാപീലാസയും കൊണ്ട് പടിഞ്ഞാറോട്ടുപേരുമ്പോഴും

504. ശോശപ്പാ ആഘോഷിക്കുന്നതെങ്ങനെ?

കാസായുടെ തെക്കും വടക്കും ഭാഗങ്ങളിൽ, വക്കിൽപിടിച്ച് ശോശപ്പാ ഉയർത്തുന്നു. പൂജാപാത്രങ്ങളുടെ മേൽ മുമ്പോട്ടും പുറകോട്ടുമായി കുറഞ്ഞത് മൂന്നു പ്രാവശ്യം ആഘോഷിക്കുന്നു. ഒടുവിൽ ശോശപ്പാ ചുരുക്കി വലതു കയ്യിൽ പിടിച്ച് രണ്ടുപ്രാവശ്യം ഇടത്തോട്ടും ഒരുപ്രാവശ്യം വലത്തോട്ടും പൂജാപാത്രങ്ങളെ ചുററിക്കുന്നു.

505. റൂശ്മാ ചെയ്യുന്നതെങ്ങനെ?

പട്ടക്കാരൻ വലതുകൈകൊണ്ട് തബ്ലൈത്തായിൽ തൊട്ടു ശക്തിഎടുത്തതിനുശേഷം തന്നെത്താൻ ഒരു കുരിശുവരച്ചിട്ട് മദ്ബഹായിനു വടക്കുവശത്തുള്ളവർക്ക് ഒരു കുരിശും തെക്കു ഭാഗത്തുള്ളവർക്ക് ഒരു കുരിശുംവരയ്ക്കുന്നുപിന്നീട് വലതു വശത്തുകൂടി തിരിഞ്ഞ് ജനങ്ങളെ നോക്കി റൂശ്മായുടെ വാചകങ്ങൾ ചൊല്ലി മൂന്നു കുരിശുകൾ വരയ്ക്കുന്നു.

506. കുർബാനയിലെ ഏററവും പ്രധാനഭാഗം ഏത്?

കുർബാന സ്ഥാപനവും അനുഭവവും

507. കുർബാന സ്ഥാപനം എന്ന ഭാഗം ഏത്?

അപ്പവീഞ്ഞുകം വാഴ്ത്തുന്ന ഭാഗംമുതൽ പരിശുദ്ധാത്മ വിളി നടത്തി പരിശുദ്ധറൂഹാ അപ്പവീഞ്ഞുകളെ ശുദ്ധീകരിക്കുന്നതുവരെയുള്ള ഭാഗമാണ്.

508. കുർബാന സ്ഥാപനത്തിൽ അപ്പം ശുദ്ധീകരിക്കുന്നതെങ്ങനെ?

സ്ഥാപന വാചകം ചൊല്ലിക്കൊണ്ട് അപ്പം ഇടതു കയ്യിൽ എടുക്കുന്നു. 'ബാറെക് ഉകാദേശ്' പറഞ്ഞ് മൂന്നു കുരിശടയാളങ്ങളും വരയ്ക്കണം 'വക്സോ' പറഞ്ഞ് നടുവിലൂടെയുള്ള വരയിലൂടെ മുറിഞ്ഞു വേർപിരിഞ്ഞുപോകാതെ തന്നെ ഒടിക്കുന്നു. 'മേസക്സെ' പറഞ്ഞ് അപ്പം തിരിച്ച് നടുവിൽക്കൂടി ഒടിക്കുന്നു. അതിനുശേഷം അപ്പം ഉയർത്തി കുരിശു വരച്ച് പീലാസായിൽ വയ്ക്കുന്നു.

509. വീഞ്ഞിനെ ശുദ്ധീകരിക്കുന്നതെങ്ങനെ?

ഇടതുകൈകൊണ്ട് കാസാത്തണ്ടിൽ പിടിച്ചും വലതുകൈയുടെ ചൂണ്ടുവിരൽ കാസായുടെ വക്കിൽ വച്ചുകൊണ്ടും 'ഹൊക്വോസ്'' ചൊല്ലി കാസാ എടുത്ത് ബാറെക് 'ഉകാദേശ് ചൊല്ലി മൂന്നു കുരിശടയാളങ്ങളും വരയ്ക്കുന്നു. പിന്നീട് ഇടത്തോട്ടു രണ്ടും വലത്തോട്ട് ഒന്നുമായി മൂന്നുവട്ടം ചുററിക്കുന്നു.

510. സ്പൂണും എസ്പൂഗോയും ഇടതുവശത്തുനിന്ന് വലതുവശത്തേക്കു മാററി വയ്ക്കുന്നത് എന്തിനുവേണ്ടി?

''ഞാൻ വരുന്നതുവരെ ഇപ്രകാരം ചെയ്‌വിൻ'' എന്ന ഭരമേൽപ്പിക്കൽ അനുസ്മരിക്കാൻ.

511. പരിശുദ്ധാത്മവിളി നടത്തുന്നതെങ്ങനെ?

പരിശുദ്ധാത്മവിളിക്കുള്ള പ്രാർത്ഥന നടത്തുകയും കൈകളും രഹസ്യങ്ങളിന്മേൽ ആഘോഷിക്കുകയും ചെയ്യുന്നു. അപ്പോൾ ശുശ്രൂഷക്കാരൻ 'ബാറെക്മോർ എന്റെ വാത്സല്യമുള്ളവരെ ജീവനുള്ള പരിശുദ്ധ റൂഹാ........' എന്ന ഉദ്ബോധനം നടത്തുന്നു അതിനു പ്രതിവാക്യമായി 'ഞങ്ങളെല്ലാവരോടും കൂടെ സമാധാനം' ... .... എന്ന് ചൊല്ലുന്നു.

512. പരിശുദ്ധാത്മ ശുദ്ധീകരണം നടത്തുന്നതെങ്ങനെ?

ഇടതുകൈ നീട്ടിപ്പിടിക്കുന്നു വലതുകൈ പീലാസാമേൽ ആവസിപ്പിച്ച് മൂന്നു പ്രാവശ്യം വാഴ്ത്തുന്നു. അപ്രകാരം കാസാമേലും വാഴ്ത്തുന്നു.

513. തുബ്ദേൻ എന്ന പേരു കിട്ടുവാൻ കാരണം?

സൂറിയാനിയിൽ ഈ പ്രാർത്ഥനകൾ ആരംഭിക്കുന്നത് തുബ്ദേൻ എന്ന പദം കൊണ്ടാണ്.

514. തുബ്ദേൻ എന്ന വാക്കിന്റെ അർത്ഥം?

എന്നാൽ വീണ്ടും



515. തുബ്ദേനുകം എന്ത്?

തുടർന്ന് വായിക്കുന്നതുകൊണ്ട് കൂടിയാണ് ഈ പേരിട്ടിരിക്കുന്നത്.

കുർബാനമദ്ധ്യേ നടത്തുന്ന മദ്ധ്യസ്ഥ പ്രാർത്ഥനകൾ.

516. തുബ്ദേനുകം എത്ര?

ആറ്.

517. തുബ്ദേനുകളുടെ മറെറാരു പേര്?

ദ്യൂഫ്ത്തിക്കെ.

518. ജീവനുള്ളവർക്കു വേണ്ടി ചൊല്ലുന്ന തുബ്ദേനുകം?

ഒന്ന്, രണ്ട്, മൂന്ന്, എന്നീ തുബ്ദേനുകം.

519. ആദ്യത്തേയും അവസാനത്തെയും തുബ്ദേനുകം ചൊല്ലുന്നതാര്?

ധൂപക്കുററി ഉപയോഗിച്ച പ്രധാന ശുശ്രൂഷകൻ ചൊല്ലുന്ന പാരമ്പര്യമാണുള്ളത്.

520. വാങ്ങിപ്പോയവരെ ഓർക്കുന്ന തുബ്ദേനുകം?

നാല്, അഞ്ച്, ആറ്, തുബ്ദേനുകം.

521. ഒന്നാം തുബ്ദേനിൽ ആരെ ഓർക്കുന്നു?

സഭാമേലദ്ധ്യക്ഷന്മാരെയും, ഇടവകമെത്രാപ്പോലീത്തായേയും ഓർക്കുന്നു.

522. ഒന്നാം തുബ്ദേനിൽ സ്മരിക്കപ്പെടുന്ന സഭാമേലദ്ധ്യക്ഷന്മാർ ആരെല്ലാം?

പ്രധാന മേലദ്ധ്യക്ഷന്മാർ–പ്രധാന മേലദ്ധ്യക്ഷൻ– ഇടവക മെത്രാപ്പോലീത്താ. മററ് ഓർത്തഡോക്സ് സഭകളിൽ അവരുമായി കൂദാശസംസർഗ്ഗമുള്ള സഭകളുടെ മേലദ്ധ്യക്ഷന്മാരേയും ഓർക്കുന്നു.

523. ഇടവക മെത്രാപ്പോലീത്താ അല്ലാത്തഒരു മെത്രാപ്പോലീത്താ കുർബാന ചൊല്ലുന്നുവെങ്കിൽ ആരുടെ പേരാണ് ഓർക്കുന്നത്?

ഏതു മേല്പട്ടക്കാരൻ കുർബാന ചൊല്ലുന്നുവോ ആ മേല്പട്ടക്കാരന്റെ പേര്.

524. രണ്ടാം തുബ്ദേനിൽ സ്മരിക്കപ്പെടുന്നതാരെല്ലാം?

ജീവിച്ചിരിക്കുന്ന എല്ലാ വിശ്വാസികളെയും പൊതുവായിട്ടും, അന്നേ ദിവസം ഓർക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നവരെ പ്രത്യേകമായും പേരുചൊല്ലി ഓർക്കുന്നു.

525. മൂന്നാം തുബ്ദേനിൽ ആരെ ഓർക്കുന്നു?

വിശ്വാസികളായ രാജാക്കന്മാർ, ഉദ്യോഗസ്ഥന്മാർ, ഭരണാധിപന്മാർ മുതലായവരെ.

526. ജീവിച്ചിരിക്കുന്നവരെ തുബ്ദേനിൽ ഓർക്കുമ്പോൾ പട്ടക്കാരൻ ചെയ്യുന്നതെന്ത്?

കാസാമേൽ കുരിശടയാളം വരച്ച് സ്മരിക്കുന്നു.

527. കാസാമേൽ കുരിശടയാളം വരയ്ക്കുന്നത് ഏതൊക്കെ തുബ്ദേനുകളിൽ ?

ഒന്ന്, രണ്ട്, മൂന്ന് തുബ്ദേനുകളിൽ

528. മരിച്ചവരെ തുബ്ദേനിൽ ഓർക്കുമ്പോൾ പട്ടക്കാരൻ ചെയ്യുന്നതെന്ത്

പീലാസായുടെ കിഴക്കേ വക്കിൽ കുരിശടയാളം വരച്ച് സ്മരിക്കുന്നു.

529. പീലാസാമേൽ കുരിശടയാളം വരയ്ക്കുന്നത് ഏതൊക്കെ തുബ്ദേനുകളിൽ ?

നാല്, അഞ്ച് ആറ് തുബ്ദേനുകളിൽ.

230. നാലാം തുബ്ദേനിൽ പേര് പറഞ്ഞ് ഓർമ്മിക്കപ്പെടുന്നവർ?

വി. മാതാവ്, യോഹന്നാൻ സ്നാപകൻ, മാർ സ്തേഫാനോസ് സഹദാ, മാർ പത്രോസ്, മാർ പൗലോസ്.

531. യജമാനന്റെ മുന്നോട്ടക്കാരൻ ?

മാർ യൂഹാനോൻ മാംദാന.

532. സഹദേൻമാരിൽ മുമ്പൻ ?

മാർ സ്തേഫാനോസ് സഹദാ.

533. അഞ്ചാം തുബ്ദേനിൽ പേരുപറഞ്ഞ് ഓർക്കപ്പെടുന്നവർ എത്ര ?

ഇരുപത്തിമൂന്ന്.

534. മശിഹായുടെ മനുഷ്യാവതാരത്തെ സ്പഷ്ടമായി തെളിയിച്ചവൻ?

മാർ കൂറിലോസ്.

535. മറിയാം സംശയം കൂടാതെ ദൈവമാതാവെന്ന് പ്രസംഗിച്ചവൻ?

മാർ സേവേറിയോസ്.

536. സത്യവിശ്വാസം നിലനിർത്തിയ പിതാവ്?

മാർ യാക്കോബ് ബുർദാന

537. ദുഃഖിതരിൽ തലവൻ?

മാർ ബർസൗമ്മാ.

538. ബർസൗമ്മാ എന്ന വാക്കിന്റെ അർത്ഥം?

നോമ്പിന്റെ പുത്രൻ.

539. തൂണിൻമേൽ തപസിരുന്നവൻ?

മാർ ശെമൂവൻദെസ്തുനി.

540. തെരഞ്ഞെടുക്കപ്പെട്ട പിതാവ്?

മാർ അബഹാ.

541. പെസഹായുടെ ആചാരദിവസം നിശ്ചയിച്ച സൂന്നഹദോസ്?

നിഖ്യാ സുന്നഹദോസ്.

542. ഈ സുന്നഹദോസ് വിളിച്ചുകൂട്ടിയ ചക്രവർത്തി?

കുസ്തന്തീനോസ്.



543. കുസ്തന്തീനോ പോലീസിലെ ആദ്യ സുന്നഹദോസു വിളിച്ചു കൂട്ടിയ ചക്രവർത്തി ?

തേവോദോസ്യോസ്

544. സുന്നഹദോസിലെ പ്രധാന വിഷയം ?

പരിശുദ്ധാത്മാവിന്റെ ദൈവത്വം.

545. എഫേസൂസ് സുന്നഹദോസ് വിളിച്ചു കൂട്ടിയ ആര് ?

തേവോദോസ്യോസ് രണ്ടാമൻ.

546. എഫേസൂസ് സുന്നഹദോസിന്റെ പ്രധാന വിഷയം ?

യേശുക്രിസ്തുവിന്റെ ആളത്വം.

547. മശിഹാ തമ്പുരാൻ കൈകളിലെടുത്ത് അനുഗ്രഹിച്ചവൻ ?

മാർ ഇഗ്നാത്തിയോസ്

548. മാർ ഇഗ്നാത്തിയോസിന്റെ മറെറാരു പേര് ?

തേയോഫോറോസ്.

549. ഈ പദത്തിന്റെ അർത്ഥം ?

ദൈവം വഹിച്ചവൻ.

550. വി. മറിയാമിനെ നേരിൽ കണ്ട 5-ാം തുബ്ദേനിലെ പിതാവ് ?

മാർ ദീവന്നാസ്യോസ്.

551. ദീവന്നാസ്യോസ് എവിടുത്തെ എപ്പിസ്ക്കോപ്പ ആയിരുന്നു ?

അറിയോസ് പാഗോസിലെ അഥേനയിലെ.

552. 270 എപ്പിസ്ക്കോപ്പന്മാരെ വാഴിച്ച തുബ്ദേനിലെ പിതാവ് ?

മാർ അത്താനാസേ്യാസ്.

553. അക്സ്നോയോ എന്ന പേരിൽ അറിയപ്പെട്ട തുബ്ദേൻ പിതാവ്?

മാബൂഗിലെ മാർ പീലക്സിനോസ്

554. അക്സ്നോയോ എന്ന പദത്തിന്റെ അർത്ഥം ?

അന്യൻ

555. ആരാധനകളിലെ എക്ബാകൾ എഴുതിയ പിതാവ് ?

മാർ അന്തീമോസ്

556. സ്വർണ്ണനാവുകാരൻ ?

മാർ ഈവാനിയോസ്

557. പിതാക്കന്മാരുടെ പുസ്തകത്തിൽ പരിശുദ്ധനായി രേഖപ്പെടുത്തപ്പെട്ട പിതാവ് ?

മാർ ഈവാനിയോസ്

558. മാർ യാക്കോബ് ബുർദാനയുടെ പിതാവിന്റെ പേര് ?

തെയോഫീൻ

559. ബുർദാന എന്ന വാക്കിന്റെ അർത്ഥം ?

കീറത്തുണി ഉടുത്തവൻ

560. ഒരു ലക്ഷത്തിൽപ്പരം പുരോഹിതന്മാരെ വാഴിച്ച പിതാവ് ?

മാർ യാക്കോബ് ബുർദാന